LIBRARY ARCHIVES Kerala Legislative Assembly

**പച്ചക്കറികൾ/പഴങ്ങൾ എന്നിവയിലെ വിഷാംശം**

94 (3526) ശ്രീ. പി. കെ. ബഷീർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്തിന്റെ വിവിധ ഭാഗങ്ങളിൽ ഉല്പാദിപ്പിക്കുന്നതും അന്യ സംസ്ഥാനങ്ങളിൽനിന്നും കൊണ്ടുവരുന്നതുമായ പച്ചക്കറികൾ, പഴങ്ങൾ എന്നിവയിൽ മാരകമായ അളവിൽ കീടനാശിനികളുടെ അംശം കണ്ടെത്തിയ എത്ര കേസുകൾ കണ്ടെത്തിയിട്ടുണ്ട് ; ഇവർക്കെതിരെ എന്തുനടപടിയാണ് സ്വീകരിച്ചിട്ടുള്ളത് ; ജില്ല തിരിച്ച് വിശദാംശം നൽകുമോ ;

(ബി) ക്യാൻസർ, വൃക്കരോഗം എന്നിവ വർദ്ധിച്ചുവരുന്നതിനുള്ള കാരണം മാരകമായ വിഷാംശമുള്ള പച്ചക്കറികളുടെയും കൃത്രിമ മാർഗത്തിൽ മാരകമായ വിഷം ഉപയോഗിച്ച് പഴുപ്പിക്കുന്ന പഴങ്ങളുടെയും ഉപയോഗം നിമിത്തമാണെന്ന് കണ്ടെത്തി യിട്ടുണ്ടോ ; വിശദാംശം നൽകുമോ ?

ഉത്തരം

(എ) എറണാകുളം, തൃശ്ശൂർ എന്നീ ജില്ലകളിൽ രണ്ട് വീതം ക്രിമിനൽ കേസുകൾ ഭക്ഷ്യസുരക്ഷാ ഉണനിലവാര നിയമപ്രകാരം ചാർജ്ജ് ചെയ്തിട്ടുണ്ട്.

(ബി) അത്തരത്തിലുള്ള പഠനം വകുപ്പ് നടത്തിയിട്ടില്ല.

**തിരുവനന്തപുരം മെഡിക്കൽ കോളേജിലെ ഒഴിവുകൾ**

95 (3527) ശ്രീ. സി. ദിവാകരൻ : താഴെ കാണുന്ന ചോദ്യത്തിന് ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

തിരുവനന്തപുരം മെഡിക്കൽ കോളേജിൽ എത്ര ഹോസ്പിറ്റൽ ഗ്രേഡ് I & II നേഴ്സിംഗ് അസിസ്റ്റന്റ്, അതർ അറ്റന്റർ, ജൂനിയർ ലാബ് അസിസ്റ്റന്റ്, X-ray അറ്റന്റർ തസ്തികകളാണ് നിലവിലുള്ളത് ; അവയിൽ ഓരോന്നിനും എത്ര ഒഴിവുകളാണ് നിലവിലുള്ളത് ?

ഉത്തരം

| തസ്തിക | അനുവദിക്കപ്പെട്ട എണ്ണം | ഒഴിവ് |
|---|---|---|
| ഹോസ്പിറ്റൽ അറ്റന്റന്റ് ഗ്രേഡ് I & II | 498 | 92 |
| നഴ്സിംഗ് അസിസ്റ്റന്റ് | 394 | 194 |
| അതർ അറ്റൻഡർ | 58 | 31 |
| ജൂനിയർ ലാബ് അസിസ്റ്റന്റ് | 11 | 2 |
| എക്സ്റേ അറ്റന്റർ | 10 | 7 |

**ആരോഗ്യവകുപ്പ് ഡയറക്ടറേറ്റിലെ വിവിധ ഒഴിവുകൾ**

96 (3528) ശ്രീ. കെ. വി. അബ്ദുൾ ഖാദർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ആരോഗ്യവകുപ്പ് ഡയറക്ടറേറ്റിൽ നിലവിൽ എൽ.ജി.എസ്., എൽ.ഡി.സി., എൽ. ഡി. ടൈപ്പിസ്റ്റ് എന്നീ തസ്തികകളിൽ എത്ര ഒഴിവുകളുണ്ട് ; വിശദമാക്കാമോ ;

(ബി) ഇവ പി.എസ്.സി.-ക്ക് റിപ്പോർട്ട് ചെയ്തിട്ടുണ്ടോ ; ഇല്ലെങ്കിൽ മുഴുവൻ ഒഴിവുകളും എന്നത്തേക്ക് റിപ്പോർട്ട് ചെയ്യും എന്ന് അറിയിക്കുമോ ?

ഉത്തരം

(എ) എൽ.ഡി.സി. 6 ഒഴിവുകൾ

എൽ. ഡി. ടൈപ്പിസ്റ്റ് 3 ഒഴിവുകൾ

ആഫീസ് അറ്റൻഡന്റ്

(എൽ.ജി.എസ്.) ഒരൊഴിവ്

(ബി) ക്ലാർക്ക് തസ്തികയിലെ 6 ഒഴിവുകളും എൽ.ഡി.ടൈപ്പിസ്റ്റിന്റെ 2 ഒഴിവുകളും പി.എസ്.സി.-ക്ക് റിപ്പോർട്ട് ചെയ്തിട്ടുണ്ട്. എൽ.ഡി.ടൈപ്പിസ്റ്റിന്റെയും ഓഫീസ് അറ്റൻഡന്റിന്റെയും ഒഴിവുകൾ റിപ്പോർട്ട് ചെയ്യുവാൻ നടപടി സ്വീകരിച്ചു വരുന്നു.

LIBRARY ARCHIVES Kerala Legislative Assembly